## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) ന്റെ നടപടിക്രമം

വിഷയം : ആ.വ.ഡ – ജീവനക്കാര്യം - ശ്രീ.സിറാജ്ജുദീൻ.എ.എ, ശ്രീ.പ്രേംനാഥ്.കെ.പി എന്നീ ഒപ്റ്റോമെട്രിസ്റ്റുമാരുടെ–സീനിയോറിറ്റിയിലെ അപാകത പരിഹരിച്ച് –ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് -2 മാരുടെ സീനിയോറിറ്റി പട്ടിക പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

സൂചന :
1. ഇഎഫ്4-46287/21/ആ.വഡ തീയതി 6.11.2021
2. നം. എ5-11347/2021/ജി.മെ.ഒ(ആ), ആലപ്പുഴ, തീയതി. 16.07.2021
3. ഇ. എസ്2-121202/01/ആ.വ.ഡ, തീയതി. 21.10.2003
4. ഇഎസ്2-92000/2015/ആവഡ തീയതി 27.04.2016
5. ഇഎസ്2-68571/19/ആവഡ തീയതി 11/12/19
6. 28.06.2022 ലെ ഹീയറിംഗ് നോട്ട്

## ഉത്തരവ് നം. ഇ.എസ്2 -46287 /2021/ആ.വ.ഡ/തീയതി : 15.07.2022

ആരോഗ്യ വകുപ്പിലെ ഒപ്റ്റോമെട്രിസ്റ്റ ഗ്രേഡ്2 മാരുടെ (ഒഫ്ത്താൽമിക് അസിസ്റ്റൻസ്/ഓർത്തോപ്റ്റിസ്റ്റ്) 01.01.1997 മുതൽ 31.12.1999 വരെയുള്ള കാലയളവിലെ സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോരിറ്റി പട്ടികയിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനായി സൂചന(2) പ്രകാരം ജില്ലാമെഡിക്കൽ ഓഫീസർ ആലപ്പുഴ മുഖേന സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ചതിൽ, താഴെ സൂചിപ്പിക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ടെന്നും, ആയത് പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും സൂചന (1)പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

ശ്രീ.എ.എ സിറാജ്ജുദീൻ നിലവിൽ ഇടുക്കി ജില്ലാ ആശുപത്രിയിലെ സീനിയർ ഒപ്റ്റോമെട്രിസ്റ്റായി സേവനമനുഷ്ഠിച്ചുവരുന്നു. ടിയാന്റെ സർവ്വീസ് വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും ആരോഗ്യ വകുപ്പിലെ ഒപ്റ്റോമെട്രിസ്റ്റ ഗ്രേഡ്2 മാരുടെ(ഒഫ്ത്താൽമിക് അസിസ്റ്റൻസ്/ഓർത്തോപ്റ്റിസ്റ്റ്) 01.01.1997 മുതൽ 31.12.1999 വരെയുള്ള കാലയളവിലെ സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോരിറ്റി പട്ടികയിൽ റാങ്ക് നം. (29) ആയ ശ്രീ..എ.എ സിറാജ്ജുദ്ദീൻ 30.03.1998 ന് സർവ്വിസിൽ പ്രവേശിച്ചുവെങ്കിലും പരിവീക്ഷണകാലം പൂർത്തീകരിക്കുന്നതിനു മുമ്പായി 01.09.1998 മുതൽ 21.08.2001 വരെ ശൂന്യവേതനാവധിയിൽ ആയിരുന്നു. പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പ് Appendix XII A പ്രകാരം അവധിയെടുത്ത് 22.08.2001 ന് ജോലിയിൽ പുന:പ്രവേശിച്ചു. 22.08.2001 ന് Fresh Entrant ആയി കണക്കാക്കിയാണ്

സീനിയോരിറ്റി നൽകേണ്ടിയിരുന്നത്. ആയതിനുപകരം സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ച ഒപ്റ്റോമെട്രിസ്റ്റ ഗ്രേഡ്2 ഉത്തരവിൽ ടിയാന്റെ പിഎസ് സി അഡ്വൈസ് തീയതി കണക്കാക്കിയാണ് സീനിയോരിറ്റി നൽകിയിട്ടുള്ളത്. ആയത് കെഎസ്&എസ് എസ് ആർ ചട്ടപ്രകാരം അല്ല എന്ന് കണ്ടെത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ശ്രീ..എ.എ സിറാജുദ്ദീന് സൂചന (3) പ്രകാരമുള്ള ഒപ്റ്റോമെട്രിസ്റ്റ ഗ്രേഡ്2 സീനിയോരിറ്റി പട്ടികയിൽ നൽകിയിരുന്ന റാങ്ക് നം 29 എന്ന സ്ഥാനം ഇതിനാൽ റദ്ദാക്കികൊണ്ടും 22.08.2001 ന് Fresh Entrant ആയി കണക്കാക്കി സൂചന(4) പ്രകാരമുള്ള ആരോഗ്യവകുപ്പിലെ ഒപ്റ്റോമെട്രിസ്റ്റ ഗ്രേഡ്2 മാരുടെ 01.01.2000 മുതൽ 31.12.2015 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ **റാങ്ക് നം. '1 എ'** എന്ന സ്ഥാനം നൽകി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്1 തസ്തികയിലെ സൂചന(5) പ്രകാരമുള്ള 31.07.2019 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ .ശ്രീ.എ.എ സിറാജുദ്ദീൻ ന് നൽകിയിരുന്ന റാങ്ക് നം.41 എന്ന സ്ഥാനം ഇതിനാൽ റദ്ദാക്കിക്കൊണ്ടും ഉത്തരവാകുന്നു.

ശ്രീ.പ്രേംനാഥ് .കെ.പി നിലവിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ സീനിയർ ഒപ്റ്റോമെട്രിസ്റ്റായി സേവനമനുഷ്ഠിച്ചുവരുന്ന ടിയാന്റെ സർവ്വീസ് വിശദാംശങ്ങൾ പരിശോധിച്ചതിൽ ആരോഗ്യ വകുപ്പിലെ ഒപ്റ്റോമെട്രിസ്റ്റ ഗ്രേഡ്2 മാരുടെ (ഒഫ്ത്താൽമിക് അസിസ്റ്റൻസ്/ഓർത്തോപ്റ്റിസ്റ്റ്) 01.01.1997 മുതൽ 31.12.1999 വരെയുള്ള കാലയളവിലെ സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോരിറ്റി പട്ടികയിൽ **റാങ്ക് നം. '2'** ആയ ശ്രീ.പ്രേംനാഥ്.കെ.പി 10.04.1998 ന് സർവ്വീസിൽ പ്രവേശിച്ചുവെങ്കിലും 20.08.1998 മുതൽ 23.10.2001 വരെ ശൂന്യവേതനാവധിയിൽ ആയിരുന്നു. 24.10.2001 ന് ജോലിയിൽ പുന:പ്രവേശിച്ചു. Fresh Entrant ആയി കണക്കാക്കിയാണ് സീനിയോരിറ്റി നൽകേണ്ടിയിരുന്നത്. ആയതിനുപകരം 10.04.1998 ന് ജോലിയിൽ പ്രവേശിച്ചതുമുതൽ (അഡ്വൈസ് തീയതി കണക്കാക്കി) മുതലുള്ള സീനിയോരിറ്റിയാണ് സൂചന (3)പ്രകാരമുള്ള പട്ടികയിൽ നൽകിയിട്ടുള്ളത്. ആയത് ചട്ടപ്രകാരമല്ലായിരുന്നു എന്ന് കണ്ടെത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ശ്രീ.പ്രേംനാഥ് കെപിയ്ക്ക് സൂചന (3) പ്രകാരമുള്ള സീനിയോരിറ്റി പട്ടികയിൽ നൽകിയിരുന്ന റാങ്ക് നം 2 എന്ന സ്ഥാനം ഇതിനാൽ റദ്ദാക്കികൊണ്ടും 24.10.2001 ന് Fresh Entrant ആയി കണക്കാക്കി സൂചന(4) പ്രകാരമുള്ള ആരോഗ്യവകുപ്പിലെ ഒപ്റ്റോമെട്രിസ്റ്റ ഗ്രേഡ്2 മാരുടെ 01.01.2000 മുതൽ 31.12.2015 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ **റാങ്ക് നം. 1 ബി** എന്ന സ്ഥാനം നൽകി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്1 തസ്തികയിലെ സൂചന(5) പ്രകാരമുള്ള 31.07.2019 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ശ്രീ.പ്രേം നാഥ് കെ.പി യ്ക്ക് നൽകിയിരുന്ന **റാങ്ക് നം.42** എന്ന സ്ഥാനം ഇതിനാൽ റദ്ദാക്കിക്കൊണ്ടും ഉത്തരവാകുന്നു.

ആരോഗ്യ വകുപ്പിലെ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്2 മാരുടെ 01.01.2000 മുതൽ 31.12.2015 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ റാങ്ക് നം 1 ആയി ഉൾപ്പെട്ടിരുന്ന ശ്രീ/ശ്രീമതി.രഞ്ജു.എൻ ന് റാങ്ക് നം.1 എന്ന സ്ഥാനം **1 സി** എന്ന് പുന:ക്രമീകരിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

വിശദവിവരങ്ങൾ **Annexure I** ആയി ഉള്ളടക്കം ചെയ്യുന്നു.

( ഒപ്പ്)

**ഡോ. ഷിനു. കെ. എസ്**

അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)ഇൻ ചാർജ്

സ്വീകർത്താവ്

1. ശ്രീ.സിറാജ്ജുദീൻ.എ.എ,,
   ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്2
   ജില്ലാ ആശുപത്രി , ഇടുക്കി
2. ശ്രീ.പ്രേം നാഥ് കെ പി
   ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്2,
   താലൂക്ക് ആസ്ഥാന ആശുപത്രി,
   ചിറ്റൂർ, പാലക്കാട്

പകർപ്പ്

1. സൂപ്രണ്ട് ഇ എഫ് സെക്ഷൻ
2. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (ഇ-മെയിൽ മുഖേന)
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
4. സൂപ്രണ്ട്, ഇ. എഫ് സെക്ഷൻ
5. ജില്ലാ മെഡിക്കൽ ഓഫീസർ, ആലപ്പുഴ
6. ശ്രീമതി .സ്മിത എം. ഒപ്റ്റോമെട്രിസ്റ്റ് . ജനറൽ ആശുപത്രി, ആലപ്പുഴ
7. ഫയൽ/കരുതൽ ഫയൽ.

//ഉത്തരവിൻപ്രകാരം//

**സീനിയർ സൂപ്രണ്ട്**

## .Annexure - I

| Sl. No. | Rank No. | Name | Date of Birth | Qualification | G.O No./PSC Advice | Date of Joining | Date Reckoned for seniority | Remarks |
|---|---|---|---|---|---|---|---|---|
| 1 | 1 | Binoy. R | 30.05.1969 | PDC, Diploma in Optometric Assistant Course | GO (Rt) No. 752/94/H&FWD dt. 02.03.94 | 01.07.1993 | 12.07.2001 (Fresh Entrant After LWA) | |
| 2 | 1 A | A A Sirajudeen | 31.05.1968 | PDC, Diploma in Optometric Assistant Course | RIA(3)28989/97/GW dtd 20.12.1997 | 30.03.1998 | 22.08.2001 (Fresh Entrant After LWA) | |
| 3 | 1 B | Premnath .K P | 04.02.1969 | PDC, Diploma in Optometric Assistant Course | RIA(3)28989/97/GW dtd 20.12.1997 | 10.04.1998 | 24.10.2001(Fresh Entrant After LWA) | |
| 4 | 1 C | Renju. N | 11.07.1979 | VHSE, Diploma in Optometric Assistant Course | RIA(3)27286/02/GW dtd 18.02.2003 | 25.03.2003 | 18.02.2003 | |
| 5 | 2 | Renganathan R | 28.05.1970 | PDC, Diploma in Optometric Assistant Course | RIA(3)27286/02/GW dtd 18.02.2003 | 26.03.2003 | 18.02.2003 | |

( ഒപ്പ്)

**ഡോ. ഷീന. കെ. എസ്**

അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) ഇൻ ചാർജ്

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്